# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 417 – 29/05/2019 - ലെ മറുപടിക്ക്

## സംസ്ഥാനത്തിന്റെ പൊതുകടം

ചോദ്യം

ഉത്തരം

ശ്രീ.സണ്ണി ജോസഫ്

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | സംസ്ഥാനത്തിന്റെ നിലവിലെ പൊതുകടം, ആളോഹരി കടം എന്നിവ എത്ര വീതമാണെന്ന് വ്യക്തമാക്കുമോ; | അക്കൗണ്ടന്റ് ജനറലിന്റെ താല്ക്കാലിക കണക്കുകൾ പ്രകാരം 2019 മാർച്ച് 31 വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം 1,57,558.88 കോടി രൂപയും ഇതനുസരിച്ചുള്ള ആളോഹരി കടം 45,728.89 രൂപയുമാണ്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓവർ ഡ്രാഫ്റ്റ് എടുക്കേണ്ടി വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പ്രാവശ്യം എന്ന് വ്യക്തമാക്കുമോ; | നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഓവർ ഡ്രാഫ്റ്റ് എടുത്തിട്ടില്ല. |
| (സി) | 2016 മേയ് മാസത്തിനുശേഷം കടപ്പത്രങ്ങൾ വഴി എത്ര കോടി രൂപ കടമെടുത്തു എന്ന് വ്യക്തമാക്കുമോ; | 2016 ജൂൺ 1 മുതൽ 2019 മെയ് 28 വരെയുള്ള കാലയളവിൽ കടപ്പത്രങ്ങൾ മുഖേന 59,000 കോടി രൂപ സർക്കാർ സമാഹരിച്ചിട്ടുണ്ട്. |
| (ഡി) | മൊത്തം വരുമാനത്തിന്റെ എത്ര ശതമാനമാണ് നിലവിൽ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കുമോ? | 2019-20 ലെ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം റവന്യൂ വരുമാനത്തിന്റെ 56.78 ശതമാനമാണ് വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുന്നത്. |

സെക്ഷൻ ഓഫീസർ